(ബി) എന്നാണ് ആക്ഷേപം കിട്ടിയത്;

(സി) പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് എന്തു നടപടി എടുത്തു;

(ഡി) പ്രസ്തുത വളം ഡിപ്പോ ആരുടെ മേൽനോട്ടത്തിൽ ആണ് ഇരിക്കുന്നത്;

(ഇ) അവിടെ വളം വിതരണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണ്;

(എഫ്) പഞ്ചായത്ത് പ്രസിഡണ്ടിന്ന് വല്ല ഉത്തരവാദിത്വവും ആക്കാര്യത്തിൽ ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഉവ്വ്.

(ബി) ആക്ഷേപം കിട്ടിയത് ഫ ഫ ഫ ര വൃശ്ചികം ഫ ാംതീ ആണ്.

(സി) തക്കതായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ഡി) പഞ്ചായത്ത് പ്രസിഡണ്ട് അവർകളുടെ മേൽനോട്ടത്തിലാണ്.

(ഇ) പഞ്ചായത്ത് ഡെപ്പോ ക്ലാർക്കാണ് വളം വിതരണം നടത്തുന്നത്.

(എഫ്) വളം ഡെപ്പോവിന്റെ മേൽനോട്ടം പഞ്ചായത്ത് പ്രസിഡണ്ട് അവർകൾ ക്കായതുകൊണ്ട് വളം ഡെപ്പോ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും പ്രസിഡണ്ട് ഉത്തര വാദിയാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ആക്ഷേപം കിട്ടുന്നതിന്ന മുമ്പു പലപ്പോഴും ഈ സ്ഥ ലത്തുനിന്നുതന്നെ തിരുവിതാംകൂറിലേക്ക് വളം കടത്തിക്കൊണ്ടുപോയിട്ടുള്ളതായി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിക്കാം.

EXPENDITURE FROM 1ST CHINGAM 1124—SCHEDULE—PLACING OF

246. (175) **Mr. P. K. Krishnankutty Menon** *(Vellarapilli)*: Will Government be pleased to place on the table of this House a schedule of the several items of expenditure under different heads incurred by Government from 1st Chingam 1124 up to this date?

Mr. P. Govinda Menon *(Minister for Finance and Law)*:

The accounts of a month will not be ready before the end of the succeeding month. It is therefore not possible to prepare a statment of the accounts up to this date.

ANICUTS UNDER GOVERNMENT MANAGEMENT—ERUTHENPATHI VILLAGE—DETAILS REGARDING

247. (101) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗവർമ്മെണ്ട് സദയം മറുപടി പറയുമൊ.

(എ) ചിറവൂർ എരുത്തേമ്പതി വില്ലേജിൽ ഗവർമ്മെണ്ട് മാനേജുമെണ്ടിൽ എടുത്ത അണകളിൽനിന്നും വർഷംതോറും എന്തു പിരിവുണ്ട്; എന്തു ചിലവുണ്ട്; എന്തുവീതം ഉടമ സ്ഥന്മാർക്ക് കൊടുത്തിട്ടുണ്ട്;

(ബി) എത്ര കൊല്ലമായി ടി അണകൾ കൈവശമെടുത്തിട്ട്;

(സി) എത്ര കൊല്ലം കൈവശം വെച്ചിരിക്കാനാണ് ആലോചന;

(ഡി) എന്തിനായിട്ടാണ് കൈവശമെടുത്തത്; ആ ആവശ്യം ഇപ്പോൾ നിറവേ റി വരുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) കൊല്ലന്തോറും മുതലിന്ന മാറ്റമുണ്ട്. വിളവെടുക്കുന്നതനുസരിച്ചാണ് പി രിവും മുതലും. എല്ലാ കേസുകളിലും മുതൽ നിശ്ചയിച്ച കരാറുകൾ ഇല്ല. ഫ ഫ ഠ, ഫ ഫ ഫ, ഫ ഫ ഠ ഠ ഈ കൊല്ലങ്ങളിലെ മുതലും പിരിവും താഴെ കാണിച്ചിരിക്കുന്ന വിധമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Year കൊല്ലം	Nanjammal Demand നെഞ്ചമ്മാൾ മുതൽ Rs. A. P.	Collection പിരിവു് Rs. A. P.	Paulsousa Demand പോൾസൂസു് മുതൽ Rs. A. P.	Collection പിരിവു് Rs. A. P.	Reghunatha-koundan Demand രഘുനാഥ കൌണ്ടൻ മുതൽ Rs. A. P.	Collection പിരിവു് Rs. A. P.
1120	5,288 12 2	3,948 2 1	7,891 9 4	7,764 15 1	5,961 0 1	4,859 13 10
1121	4,964 8 7	3,569 0 6	6,603 4 3	6,186 11 6	5,939 0 2	4,837 13 11
1122	4,818 13 11	1,543 5 8	5,642 5 0	603 3 5	6,022 5 10	2,222 6 6

ചിലവു താഴെ കാണിച്ചിരിക്കുന്ന പ്രകാരമാകുന്നു.

	Regunathakoundan Rs. A. P.	Paulsousa Rs. A. P.	Nanjammal Rs. A. P.
1119	1,914 14 2	1,980 7 11	1,656 1 11
1120	3,535 10 4	3,236 2 4	1,665 13 4
1121	1,947 11 8	2,727 8 8	1,663 5 8
1122	7,263 4 6	7,689 11 11	4,282 7 11

ഉടമസ്ഥന്മാക്കു് ഒന്നും കൊടുത്തിട്ടില്ല.

(ബി) നാലരക്കൊല്ലം.

(സി) ഇപ്പോൾ നിശ്ചയിക്കുവാൻ തരമില്ല.

(ഡി) ഇന്നത്തെ പരിതഃസ്ഥിതിയിൽ കൃഷ്ണക്കു ശരിയായി വെള്ളം വിട്ടുകൊടുക്കേണ്ടതിനു് അണകെട്ടു സർക്കാരധീനത്തിലായിരിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ; ഈ ആവശ്യം നിറവേറി വരുന്നുണ്ടു്.

KERALA VARMA HIGH SCHOOL BUILDINGS—DEPLORABLE CONDITION OF

248. (197) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഏറിയാടു് കേരളവർമ്മ ഹൈസ്കൂൾ കെട്ടിടത്തിന്റെ ഭയനീയ സ്ഥിതിയെ വിവരിച്ചു നാട്ടുകാരുടെ ഒരു ഹരജി ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസമന്ത്രി പ്രസ്തുത സ്ഥാപനം സന്ദർശിച്ചപ്പോൾ കെട്ടിടങ്ങളുടെ കുറവും ചില കെട്ടിടങ്ങളുടെ അപായകരമായ നിലയും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പതിയുകയുണ്ടായൊ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉവ്വു്.

(ബി) കെട്ടിടങ്ങൾ മതിയാകുന്നതല്ലെന്നു് മനസ്സിലാക്കിട്ടുണ്ടു്. അപായകരമായി തോന്നീട്ടില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്കു് ആ കെട്ടിടം സന്ദർശിച്ചപ്പോൾ അതു് അപായകരമായ നിലയിൽ ഇരിക്കുന്നതായി തോന്നിയില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പു്: കെട്ടിടം ഞാൻ നേരിട്ടു കണ്ടിട്ടുള്ളതാണു്—അത്ര വലിയ ഒരു മോശമായ നിലയിലാണു് നില്ക്കുന്നതു് എന്നു പറയാൻ നിവർത്തിയില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ആ കെട്ടിടം വളരെ വേഗത്തിൽ റിപ്പയർ ചെയ്യേണ്ട ഒരു ഘട്ടത്തിലാണു് ഇരിക്കുന്നതെന്നു് ഗവണ്മെണ്ടു മനസ്സിലാക്കിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്: അത്ര വലിയൊരു അപായകരമായ നിലയിലാണു് ആ കെട്ടിടം നില്ക്കുന്നതു് എന്നു ബോദ്ധ്യപ്പെട്ടാൽ ഉടനെ കുട്ടികളെ പുറത്തിറക്കേണ്ട കാര്യത്തെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly